സ്വിറ്റ്സർലൻഡിൽ "ചങ്ങാതിക്കൂട്ടം" വെബ് സൈറ്റ് പ്രകാശനം ചെയ്തു

സൂറിച്ച്. സ്വിറ്റ്സർലണ്ടിലെ സാമൂഹ്യ മാധ്യമ കൂട്ടായ്മയായ ചങ്ങാതിക്കൂട്ടം സൂറിച്ചിൽ മാർച്ച് 10 ന് ഡോ. സുനിൽ പി ഇളയിടത്തിന്റെ പ്രഭാഷണം ഒരുക്കും. ഈ സംവാദ സദസ്സിന് അനുബന്ധമായി ഒരുക്കിയ വെബ് സൈറ്റിന്റെ പ്രകാശനം നടന്നു. ചങ്ങാതിക്കൂട്ടാംഗമായ ഫൈസൽ കാച്ചപ്പിള്ളി ആണ് വെബ് ഡിസൈൻ ചെയ്തത്. www.changathi.ch എന്നാണ് വെബ് സൈറ്റിന്റെ നാമം. ടോം കുളങ്ങര ആണ് കൂട്ടായ്മയുടെ അഡ്മിൻ.

മലയാള ഭാഷയിലുള്ള സംവാദങ്ങളും ചർച്ചകളും ആയി വെടിവട്ട സദസ്സുകൾ ഒരുക്കുന്ന കൂട്ടായ്മയുടെ ആദ്യ പൊതുപരിപാടി ആണ് ഇളയിടം മാഷിന്റെ പ്രഭാഷണം. ഇളയിടം മാഷിന്റെ ആദ്യ യൂറോപ്യൻ സന്ദർശനവും ആണിത്. കൂടുതൽ വിവരങ്ങൾക്ക് www.changathi.ch എന്ന വെബ് സൈറ്റ് സന്ദർശിക്കുക.